LIBRARY ARCHIVES Kerala Legislative Assembly

**റുബല്ല രോഗത്തോട് സാമ്യമുള്ള വൈറസ് രോഗം**

**25 (8085)** ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കുട്ടികളിൽ കണ്ടുവരുന്ന റുബല്ല രോഗത്തോട് സാമ്യമുള്ള വൈറസ് രോഗം വ്യാപകമായിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ബാധിക്കുന്ന ഈ രോഗം സ്ഥിരീകരിക്കാനും ചികിത്സ നൽകാനും കഴിയുന്നില്ലെന്നുള്ളത് ശരിയാണോ ; എങ്കിൽ ഈ രോഗം പടരുന്നതിനെതിരെ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) കുട്ടികളിലും മുതിർന്നവരിലും ഗർഭിണികളിലും ഈ രോഗം എങ്ങനെയെല്ലാം ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കുട്ടികളിൽ കണ്ടുവരുന്ന റുബെല്ലാ രോഗത്തോട് സാമ്യമുള്ള രോഗത്തെപ്പറ്റി ജൂൺ 28-ാം തീയതിയിലെ മലയാള മനോരമ പത്രത്തിൽവന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള ടീം വിശദമായ അന്വേഷണം നടത്തുകയും അത്തരത്തിലുള്ള വാർത്ത അടിസ്ഥാനരഹിതമാണെന്ന നിഗമനത്തിലെത്തുകയും ചെയ്തു.

(ബി & സി) ബാധകമല്ല.

**ഉച്ചഭക്ഷണത്തിനായി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം**

**26 (T8086)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് സിവിൽ സപ്ലൈസ് മുഖാന്തിരം വിതരണം ചെയ്യുന്ന അരി, പലവ്യഞ്ജനം എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) പുഴു, പാറ്റ, കീടങ്ങൾ എന്നിവയുള്ള അരി വിതരണത്തിനായി എത്തുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ സിവിൽ സപ്ലൈസ് മുഖാന്തിരം വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിക്കുവാൻ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട കരുതൽ നടപടി സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ സംബന്ധിച്ച പരാതി ഉള്ളപക്ഷം അടിയന്തരമായി ഫുഡ് സേഫ്റ്റി ഓഫീസറെ അറിയിക്കുവാനും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കുട്ടികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുന്ന സ്കൂൾ അധികൃതർ സ്വീകരിക്കേണ്ട കരുതൽ നടപടി സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സിസേറിയൻ പ്രസവങ്ങൾ

**27 (8087)** ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ലോകാരോഗ്യ സംഘടനയുടെ പഠനമനുസരിച്ച് സിസേറിയൻ രീതിയിലുള്ള പ്രസവം ആകെയുള്ളതിന്റെ എത്ര ശതമാനംവരെയാകാമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(ബി) കേരളത്തിലെ സർക്കാരാശുപത്രികളിലെയും സ്വകാര്യ ആശുപത്രി കളിലെയും സിസേറിയൻ നിരക്ക് എത്രയാണെന്നതിന്റെ കണക്ക് ലഭ്യമാണോ ; അറിയിക്കാമോ ;

(സി) അസാധാരണമായി ഉയർന്ന തോതിലുള്ള സിസേറിയൻ പ്രസവത്തിന്റെ കാരണം പരിശോധിച്ചിരുന്നോ ; ഇതുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്ന ഉയർന്ന നിരക്ക് 15 ശതമാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly